ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഒക്ടോബർ 06, 2017

**സുവർണ്ണ കടപത്ര പദ്ധതി 2017-18 IIIാം ശ്രേണി**

2017 ഒക്ടോബർ 06ലെ ഭാരത സർക്കാരിന്റെ വിജ്ഞാപനം F നം.4(25) - B(W&M)2017, ഭാരതീയ റിസർവ് ബാങ്കിന്റെ സർക്കുലർ IDMD.CDD.No.929/14.04.050/2017-18 എന്നിവ പ്രകാരം സുവർണ്ണ കടപത്രം 2017-18 3ാം ശ്രേണി 2017 ഒക്ടോബർ 09 മുതൽ ഡിസംബർ 27 വരെ (എല്ലാ ആഴ്ചയിലും തിങ്കൾ മുതൽ ബുധൻ വരെ) വാങ്ങുവാനുള്ള അവസരം ലഭ്യമാണ്. ഒരാഴ്ചയിൽ ലഭിക്കുന്ന അപേക്ഷകളുടെ കണക്കു തീർപ്പാക്കുന്നത് അടുത്ത ആഴ്ചയിലെ ആദ്യത്തെ പ്രവൃത്തി ദിനത്തിലായിരിക്കും.

2017 ഒക്ടോബർ 9 മുതൽ 11 വരെ ബോണ്ട് വാങ്ങുന്നവർക്ക് (തീർപ്പാക്കുന്ന തീയതി 2017 ഒക്ടോബർ 16) ബോണ്ട് വാങ്ങിയതിന് തൊട്ടു മുൻപത്തെ ആഴ്ച്ചയിലെ അവസാന 3 ദിവസത്തെ, അതായതു 2017 ഒക്ടോബർ 04 മുതൽ 06 വരെയുള്ള, ഇന്ത്യ ബുള്ളിയൻ ആന്റ് ജ്വല്ലേഴ്സ് അസോസിയേഷൻ പ്രസിദ്ധീകരിക്കുന്ന 999 പരിശുദ്ധിയുള്ള സ്വർണ്ണത്തിന്റെ ശരാശരി വിലയെ അടിസ്ഥാനമാക്കി കടപത്രത്തിന്റെ വില 2956 രൂപയായി കണക്കാക്കിയിരിക്കുന്നു. ഓൺലൈനിൽ അപേക്ഷിച് ഡിജിറ്റൽ രീതിയിൽ പണം അടക്കുന്നവർക്ക് ഒരു ഗ്രാം സുവർണ കടപത്രത്തിന്റെ വിലയിൽ 50 രൂപയുടെ ഡിസ്കൗണ്ട് നല്കുവാൻ ഭാരത സർക്കാർ ഭാരതീയ റിസർവ് ബാങ്കുമായി കൂടിയാലോചിച്ച് തീരുമാനിച്ചിരിക്കുന്നു. അത്തരം നിക്ഷേപകർക്ക് സുവർണ കടപത്രത്തിന്റെ ഒരു ഗ്രാമിന്റെ വില 2906 രൂപയായി (രണ്ടായിരത്തി തൊള്ളായിരത്തി ആറു രൂപ മാത്രം) നിജപ്പെടുത്തിയിരിക്കുന്നു.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2017-2018/958